## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 7252 — 16/07/2012 ൽ മറുപടിക്ക്

### റേഷൻ വിതരണ രംഗത്തെ വെട്ടിപ്പ് തടയാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സി.ദിവാകരൻ | **ശ്രീ. അനൂപ് ജേക്കബ്**<br>(ഭക്ഷ്യവും, സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് റേഷൻ വിതരണ രംഗത്തെ വെട്ടിപ്പും തിരിമറികളും അവസാനിപ്പിക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (എ) സംസ്ഥാനത്തെ റേഷൻ വിതരണ രംഗത്തെ വെട്ടിപ്പും തിരിമറികളും അവസാനിപ്പിക്കുന്നതിന് റേഷൻ മൊത്ത/ചില്ലറ വ്യാപാരശാലകളിലെ പരിശോധന കർശനമാക്കിയിട്ടുണ്ട്. എഫ്.സി.ഐ.യിൽ നിന്നും മൊത്ത വ്യാപാരികൾ സ്റ്റോക്ക് എടുക്കുന്ന ദിവസങ്ങളിൽ ആയത് നിരീക്ഷിക്കുന്നതിന് വകുപ്പിലെ ഉദ്യോഗസ്ഥരെ നിയോഗിച്ചു വരുന്നു. റേഷൻ മൊത്ത വ്യാപാരഡിപ്പോകളിൽ നിന്നും എഫ്.സി.ഐ.യിൽ നിന്നും റേഷൻ സാധനങ്ങൾ കൊണ്ടു പോകുന്ന വാഹനങ്ങളിൽ നിർദ്ദിഷ്ട മാതൃകയിലുള്ള സ്റ്റിക്കർ പതിപ്പിക്കുന്നത് നിർബന്ധമാക്കിയിട്ടുണ്ട്. വെഹിക്കിൾ ട്രാക്കിംഗ് സംവിധാനവും ബയോമെട്രിക് സംവിധാനവും നടപ്പാക്കുന്ന കാര്യം പരിശോധിച്ചു വരുന്നു. കൂടാതെ പൊതു വിതരണ രംഗത്തെ ക്രമക്കേടുകൾ കണ്ടെത്തി ഉടൻ നടപടി സ്വീകരിക്കുന്നതിനായി ഡെപ്യൂട്ടി റേഷനിംഗ് കൺട്രോളർമാരുടെ നേതൃത്വത്തിൽ രണ്ട് സോണൽ മോണിറ്ററിംഗ് സെല്ലുകൾ രൂപീകരിച്ചിട്ടുണ്ട്; |

(ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര മൊത്ത വ്യാപാര സ്ഥാപനങ്ങളിലും റേഷൻ കടകളിലും പരിശോധനകൾ നടത്തിയെന്നും അതിൽ എത്ര കേസുകൾ കണ്ടു പിടിച്ചുവെന്നും അത്തരം കേസുകളിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്നും വ്യക്തമാക്കാമോ?

(ബി) മൊത്ത വ്യാപാര സ്ഥാപനങ്ങളിൽ 12199 പരിശോധനകളും റേഷൻ കടകളിൽ 48952 പരിശോധനകളും നടത്തിയിട്ടുണ്ട്. ഇത്തരത്തിൽ 48050 കേസുകൾ കണ്ടു പിടിക്കുകയും ഇവയിൻ മേലുള്ള തുടർ നടപടികളുടെ ഭാഗമായി 122 റേഷൻ കടകളുടെ ലൈസൻസ് താത്കാലികമായി സസ്പെന്റ് ചെയ്യുകയും, 3 റേഷൻ കടകളുടെ ലൈസൻസ് റദ്ദ് ചെയ്യുകയും ഒരു എ.ഡബ്ല്യു.ഡി. സസ്പെന്റ് ചെയ്യുകയും ചെയ്തു. മറ്റു കേസുകളിൽ നിയമാനുസൃത നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ